# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,
ഉത്തരവ് നം. ഇ7-8844/12 തീയതി: 14-03-2012.

---

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - പ്രൊബേഷൻ ആഫീസർ ഗ്രേഡ് I, വയനാട്, സിറ്റി പ്രൊബേഷൻ ആഫീസർ ഗ്രേഡ് II, തിരുവനന്തപുരം - ചുമതല കൈമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ഈ കാര്യാലയത്തിലെ 25-01-2012 ലെ ഇ11-40150/11 നമ്പർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 06-02-2012 ലെ ഇ05-4082/12 നമ്പർ ഉത്തരവ്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം വയനാട് പ്രെബേഷൻ ആഫീസർ ഗ്രേഡ് I ശ്രീമതി അഞ്ജു മോഹനൻ പ്രസവാവധിയിൽ പ്രവേശിച്ചതിനാൽ വയനാട് ജില്ലാ പ്രൊബേഷൻ ആഫീസർ ഗ്രേഡ് I ന്റെ പൂർണ്ണ അധിക ചുമതല സർക്കാർ ഉത്തരവിന് വിധേയമായി പാലക്കാട് അഡീഷണൽ പ്രൊബേഷൻ ആഫീസർ ഗ്രേഡ് II തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. കെ.സുരേഷ് ബാബു വിന് നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം സിറ്റി പ്രൊബേഷൻ ആഫീസർ ശ്രി. പി.ജി. സജികുമാറിനെ സസ്പെന്റ് ചെയ്തതതിനാൽ തിരുവനന്തപുരം സിറ്റി പ്രൊബേഷൻ ആഫീസറുടെ ചുമതല ശ്രീമതി എൽ. പ്രേമലത, ജില്ലാ പ്രൊബേഷൻ ആഫീസർ ഗ്രേഡ് II, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് ന് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചുമതലകൾ ഏറ്റെടുക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-
1. ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ, തിരുവനന്തപുരം.
2. ജില്ലാ പ്രൊബേഷൻ ആഫീസർ, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

JJ/12